# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

ത്രിതല പഞ്ചായത്ത് പദ്ധതികൾ

1522 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകൾ സമർപ്പിക്കുന്ന പദ്ധതികൾ അംഗീകരിക്കുന്നതിന് ഏതെങ്കിലും സാങ്കേതിക സമിതികൾ ജില്ലാടിസ്ഥാനത്തിൽ നിലവിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സാങ്കേതിക സമിതികൾ നിലവിലില്ലെങ്കിൽ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള സംവിധാനമെന്ത്; വ്യക്തമാക്കുമോ;

(ഡി) മുൻവർഷങ്ങളിലേതുപോലെ പഞ്ചായത്ത് സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ അംഗീകരിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതുമൂലം ഫണ്ട് വിനിയോഗത്തിലുണ്ടായ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ബഡ്ജറ്റിൽ വകയിരുത്തിയ തുക

1523 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിനും സാമൂഹ്യക്ഷേമത്തിനും കീഴിലുള്ള വകുപ്പുകളിൽ 2012-13 വർഷത്തെ ബഡ്ജറ്റിൽ ഏതെല്ലാം ഹെഡ് ഓഫ് അക്കൗണ്ടുകളിലായി എന്ത് തുക വീതമാണ് വകയിരുത്തിയത്; വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടുകളിലുമായി ഇതിനകം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ; ഈ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ നിന്നും ഇതുവരെ ഒരു തുകയും ചെലവഴിച്ചിട്ടില്ലാത്തവ ഏതൊക്കെ; വിശദമാക്കാമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>പഞ്ചായത്തുകളിലെ പഞ്ചവത്സരപദ്ധതികൾ</u>

1524 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ 12-ാം പഞ്ചവത്സരപദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ;

(ബി) പഞ്ചായത്തുകൾ ഇതുവരെ എത്ര പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികളുടെ പരിശോധന സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ഡി) പദ്ധതി നിർവ്വഹണം സംബന്ധിച്ച് പഞ്ചായത്തുകൾക്ക് ഇൻസെന്റീവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം</u>

1525 ശ്രീ. എ. കെ. ബാലൻ
'' പി. റ്റി. എ. റഹീം
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ലക്ഷ്യമിട്ടിരുന്ന പദ്ധതി നിർവ്വഹണം നടന്നുവോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെല്ലാം; അറിയിക്കുമോ;

(സി) പദ്ധതി നിർവ്വഹണ മാർഗ്ഗ രേഖയിൽ അടിക്കടി വരുത്തിയ മാറ്റങ്ങൾ നിർവ്വഹണത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിനായി എന്തു തുകയാണ് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്; ഇത് എത്ര ഗഡുക്കളായി എന്തു തുക വീതം എന്നെല്ലാം റിലീസ് ചെയ്തുവെന്നറിയിക്കാമോ; കണക്കാക്കപ്പെട്ട സ്പിൽ ഓവർ വർക്കുകൾ എത്ര കോടി രൂപയുടേതാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

2012-13 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവച്ച തുക

1526 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13ൽ സംസ്ഥാനത്തിന്റെ ആകെ പദ്ധതി അടങ്കലിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് എത്ര ശതമാനം തുകയാണ് മാറ്റി വച്ചത്; ആയത് എന്തു തുക വരും;

(ബി) ആയതിൽ എന്തു തുക 2012-13ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു; ഇവ എത്ര ഗഡുക്കളായി ഏതെല്ലാം തീയതികളിൽ അനുവദിച്ചു; വ്യക്തമാക്കാമോ;

(സി) അനുവദിക്കപ്പെട്ട തുകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തു തുക വീതം ചെലവഴിച്ചു; ഇത് അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനം വരും; അറിയിക്കാമോ;

(ഡി) പദ്ധതി ചെലവ് തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

## 2013-14 വര്‍ഷത്തെ പദ്ധതി നിര്‍വ്വഹണം

1527 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണന്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-14 വര്‍ഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിര്‍വ്വഹണം സംബന്ധിച്ച പ്രവര്‍ത്തനങ്ങള്‍ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ വര്‍ഷത്തെ പദ്ധതി രൂപീകരണവേളയിലെ അനുഭവങ്ങളുടെ വെളിച്ചത്തില്‍ എന്തെല്ലാം മാറ്റങ്ങളാണ് 2013-14 വര്‍ഷം നടപ്പാക്കുവാന്‍ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നിര്‍വ്വഹണവുമായി ബന്ധപ്പെട്ട് വികേന്ദ്രീകൃതാസൂത്രണത്തിനുള്ള സംസ്ഥാന കോ-ഓര്‍ഡിനേഷന്‍ കമ്മിറ്റി യോഗം മുന്നോട്ടുവച്ച നിര്‍ദ്ദേശങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) പദ്ധതി നിര്‍വ്വഹണം സമയബന്ധിതമായി പൂര്‍ത്തീകരിക്കുവാന്‍ ടെക്നിക്കല്‍ അഡ്വൈസറി ഗ്രൂപ്പ് (ടാഗ്) പുനരുജ്ജീവിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

2012-13 സാമ്പത്തിക വർഷത്തെ പദ്ധതികൾ

1528 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2012-13 സാമ്പത്തിക വർഷത്തെ പദ്ധതികൾ മുഴുവൻ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലെ എത്ര പഞ്ചായത്തുകളിലാണ് പൂർണ്ണതോതിൽ പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിന് നൽകിയിട്ടുളളത്; വ്യക്തമാക്കാമോ;

(സി) ഏത് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളാണ് പദ്ധതി സമർപ്പണത്തിൽ പിന്നോക്കം നിൽക്കുന്നത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>പദ്ധതി പ്രവർത്തനങ്ങൾക്ക് 2012-13ൽ നീക്കി വച്ച തുകയുടെ വിശദാംശം</u>

1529 ശ്രീ.എ.എം.ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി പ്രവർത്തനങ്ങൾക്ക് 2012-13 ൽ എന്ത് തുക നീക്കി വച്ചിരിരുന്നു;

(ബി) നീക്കി വച്ച തുക എത്ര ഗഡുക്കളായി ഏതെല്ലാം തീയതികളിൽ എന്ത് തുക വീതം നൽകി എന്നറിയിക്കുമോ;

(സി) അനുവദിക്കപ്പെട്ട തുകയിൽ 2012 ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31, 2013 മാർച്ച് 31, എന്നീ തീയതികളിൽ മൊത്തം തുകയുടെ എത്ര ശതമാനം വീതം ചെലവഴിച്ചു; വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ചെലവഴിച്ച തുക</u>

1530 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണയിനത്തിൽ ആകെ ചെലവഴിച്ച തുക എത്ര . ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(ബി) ചെലവഴിച്ച തുക അനുവദിച്ച തുകയുടെ എത്ര ശതമാനമാണ് ; വ്യക്തമാക്കുമോ ;

(സി) മുൻ വർഷത്തെ പദ്ധതി നിർവ്വഹണത്തെ താരതമ്യം ചെയ്ത് നോക്കുമ്പോൾ പ്രസ്തുത തുക കൂടുതലോ കുറവോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>റ്റി. എസ്. പി., എസ്. സി. പി. ഫണ്ടു വിഹിതം</u>

1531 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതൂർ, ഷോളയൂർ, അഗളി പഞ്ചായത്തുകളുടെ 2011-2012, 2012-2013 വർഷത്തെ പ്ലാൻ ഫണ്ട് വിഹിതം എത്ര ; ഇതിൽ എത്ര രൂപ ചെലവഴിച്ചു ;

(ബി) ഈ രണ്ട് സാമ്പത്തിക വർഷങ്ങളിലും ഈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏതൊക്കെ ;

(സി) 2011-2012, 2012-2013 എന്നീ വർഷങ്ങളിലെ റ്റി. എസ്. പി., എസ്. സി. പി. ഫണ്ടു വിഹിതം എത്ര ; മുൻ വർഷങ്ങളിൽ ചെലവാകാത്ത ബാക്കി തുക എത്ര ;

(ഡി) ഈ രണ്ടു വർഷത്തേയും റ്റി. എസ്. പി., എസ്. സി. പി. ഫണ്ടു വിനിയോഗം എത്ര ;

(ഇ) ഈ രണ്ടു വർഷത്തേയും റ്റി. എസ്. പി., എസ്. സി. പി. ഫണ്ടു വഴി നടപ്പിലാക്കിയ പദ്ധതികളും അവയുടെ ഗുണഭോക്താക്കളുടെ എണ്ണവും വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2012-13 വര്‍ഷത്തെ പദ്ധതി നിര്‍വ്വഹണം</u>

1532 ശ്രീ. എം.എ. ബേബി
,, എ. പ്രദീപ്കുമാര്‍
,, ബാബു എം.പാലിശ്ശേരി
,, കെ.ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2012-13 വര്‍ഷത്തെ പദ്ധതി നിര്‍വ്വഹണം പൂര്‍ത്തിയാക്കാന്‍ 2013 ഏപ്രില്‍ 30 വരെ സമയം അനുവദിച്ചിരുന്നുവോ; ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിലൊരു തീരുമാനത്തിലെത്താന്‍ പ്രേരിപ്പിച്ച ഘടകങ്ങള്‍ എന്തൊക്കെ;

(സി) പദ്ധതികള്‍ക്ക് അംഗീകാരം നല്‍കുന്നതുമായി ബന്ധപ്പെട്ട മാര്‍ഗ്ഗനിര്‍ദ്ദേശങ്ങളില്‍ സര്‍ക്കാര്‍ ഇടയ്ക്കിടെ വരുത്തിയ മാറ്റങ്ങള്‍ പദ്ധതി നിര്‍വ്വഹണം സമയബന്ധിതമായി പൂര്‍ത്തീകരിക്കുവാന്‍ തടസ്സം സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ഡി) 2013 ഏപ്രില്‍ 30 വരെ എന്തു തുകയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ ചെലവഴിച്ചിട്ടുള്ളത്; ഇത് അനുവദിച്ച വിഹിതത്തിന്റെ എത്ര ശതമാനം വരും; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>പദ്ധതി നിർവ്വഹണത്തിലെ കാലതാമസം</u>

1533 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 30 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ പദ്ധതി ചെലവ് വെവ്വേറെ വെളിപ്പെടുത്താമോ;

(സി) തദ്ദേശഭരണ വകുപ്പ് വിഭജിച്ച് വിവിധ മന്ത്രിമാർക്കായി നൽകിയത് പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിന് കാരണമായിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

പദ്ധതി നിർവ്വഹണത്തിലെ കാലതാമസം

1534 ശ്രീ.വി.ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണമെന്ത്;

(ബി) ധനവകുപ്പിൽ നിന്നും പദ്ധതിക്കുള്ള പണം യഥാസമയം ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) തദ്ദേശസ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന് ഭൗതിക സാഹചര്യമുണ്ടാക്കി കൊടുക്കുന്നതിൽ സർക്കാരിന്റെ ഭാഗത്ത് നിന്നും കാലതാമസം സംഭവിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>പദ്ധതി തുക ചെലവഴിക്കൽ</u>

1535 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) എങ്കിൽ പഠനത്തിലൂടെ കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് വിവധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>ഉൽപാദന മേഖലയ്ക്ക് പ്രാമുഖ്യമുള്ള പദ്ധതികൾ</u>

1536 ഡോ. ടി. എം. തോമസ് ഐസക്ക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
'' റ്റി. വി. രാജേഷ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ ഉത്പാദന മേഖലയ്ക്ക് പ്രാമുഖ്യം നൽകാത്തതു മൂലം കാർഷിക മേഖലയിൽ ഉളവായിട്ടുള്ള മാന്ദ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012-13ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൃഷിഭവനുകൾ മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്;

(സി) ഇവയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ഡി) ഓരോ പദ്ധതിക്കും അനുവദിക്കപ്പെട്ട തുക മുഴുവനും ചെലവഴിക്കാൻ സാധിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>സ്പിൽ ഓവർ പദ്ധതിക്കുള്ള തുക</u>

1537 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒന്നാം വാർഷിക പദ്ധതി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാതെ രണ്ടാം വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് സ്പിൽ ഓവറായി രണ്ടാം വാർഷിക പദ്ധതി(2013-2014)യിൽ ഉൾപ്പെടുത്തിയിരുന്നത് ;

(ബി) സ്പിൽ ഓവർ പദ്ധതിക്കുള്ള തുക രണ്ടാം വാർഷിക പദ്ധതി തുകയിൽ നിന്നാണോ ചെലവഴിക്കുന്നത് ; എങ്കിൽ സ്പിൽ ഓവർ പദ്ധതികൾക്കുള്ള മൊത്തം തുക രണ്ടാം വാർഷിക പദ്ധതി (2013-2014) തുകയുടെ എത്ര ശതമാനം വരും ; വ്യക്തമാക്കുമോ ;

(സി) 2011-2012, 2012-2013 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയിൽ ആ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിക്കപ്പെടാതിരുന്നത് എത്ര കോടി രൂപ വീതമായിരുന്നു; അവ അതത് വർഷത്തെ മൊത്തം പദ്ധതി തുകയുടെ എത്ര ശതമാനം വീതം ആയിരുന്നു; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് വിനിയോഗം</u>

1538 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12, 2012-13 വർഷത്തെ പ്ലാൻ ഫണ്ട് വിഹിതം എത്രയാണ്; വ്യക്തമാക്കുമോ; ആയതിൽ എന്ത് തുക ചെലവഴിച്ചു;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ഈ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏതൊക്കെയായിരുന്നു; വിശദമാക്കുമോ;

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിലെ റ്റി.എസ്.പി., എസ്.സി.പി. ഫണ്ടു വിഹിതം എത്ര; മുൻവർഷങ്ങളിൽ ചെലവഴിക്കാത്ത എന്തു തുക ബാക്കിയുണ്ടായിരുന്നു; വിശദമാക്കുമോ;

(ഡി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിലെ റ്റി.എസ്.പി., എസ്.സി.പി. ഫണ്ട് വിനിയോഗം എത്രയായിരുന്നു;

(ഇ) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ റ്റി.എസ്.പി., എസ്.സി.പി., ഫണ്ട് വഴി നടപ്പാക്കിയ പദ്ധതികളും അവയുടെ ഗുണഭോക്താക്കളുടെ എണ്ണവും വിശദമാക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

തദ്ദേശസ്ഥാപനങ്ങൾക്കുള്ള ധനസഹായം

1539 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾക്കുള്ള ലോകബാങ്ക് ധനസഹായം ലഭിക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണമെന്ത്;

(ബി) 2011-12, 2012-13 എന്നീ വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിച്ച കേന്ദ്രവിഹിതം എത്ര;

(സി) കേന്ദ്രസഹായം ലഭിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അത് പദ്ധതി സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ത്രിതല പഞ്ചായത്തുകൾക്ക് ഗ്രാന്റ്

1540 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാരിൽ നിന്ന് നൽകേണ്ടതായ ഗ്രാന്റ് 2013-14 വർഷത്തേയ്ക്ക് നാളിതുവരെ എത്ര ശതമാനം നൽകി കഴിഞ്ഞു; വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകൾ പണം വിനിയോഗിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയക്രമത്തിന്റെ വിശദാംശം നൽകുമോ;

(സി) ഏതെല്ലാം വിഷയങ്ങൾക്ക് മുൻഗണനനൽകി പണം ചെലവാക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; ആയതിൽ ഉത്പാദന മേഖലയ്ക്ക് എത്ര ശതമാനമാണ് നീക്കിവച്ചിരിക്കുന്നത്;

(ഡി) ഉദ്പാദന മേഖലയിലെ തുകയുടെ എത്ര ശതമാനം പഞ്ചായത്തുകൾ ചെലവഴിച്ചു കഴിഞ്ഞു; വ്യക്തമാക്കുമോ;

(ഇ) കാർഷിക മേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന തുക പൂർണ്ണമായും ഓഗസ്റ്റ് മാസത്തിനുമുമ്പ് ചെലവിടാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ഇന്ദിരാ ആവാസ് യോജന നടപ്പിലാക്കുവാൻ അധികമായി തുക അനുവദിക്കാൻ നടപടി

1541 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ് ഭവന പദ്ധതി നിർത്തലാക്കുകയും ആയതിനു പകരം മുമ്പ് ഭവന നിർമ്മാണത്തിന് നൽകിയിരുന്ന 75000/- രൂപ വർദ്ധിപ്പിച്ച് രണ്ട് ലക്ഷം ആക്കികൊണ്ട് ഇന്ദിരാ ആവാസ് യോജന നടപ്പിലാക്കുകയും ചെയ്തിട്ടും പഞ്ചായത്തുകൾക്ക് ആയതിന് വേണ്ട തുക നൽകാത്തത് എന്ത് കൊണ്ടാണ്; വിശദമാക്കുമോ;

(ബി) ഈ തുക പഞ്ചായത്തുകൾ എവിടെ നിന്നാണ് കണ്ടെത്തേണ്ടത്;

(സി) വർദ്ധിപ്പിച്ച ഗവൺമെന്റ് വിഹിതം സർക്കാർ തന്നെ പഞ്ചായത്തുകൾക്കു നൽകുകയോ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ ഈ തുക വർദ്ധിപ്പിച്ച് നൽകുകയോ ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അലോട്ട്മെന്റ് ഇല്ലാതെ, ഭവന പദ്ധതിക്ക് കൂടുതൽ പണം ലഭിക്കുമെന്ന് പ്രഖ്യാപിച്ചതുകൊണ്ട്മാത്രം വീട് നിർമ്മിക്കാൻ സാധിക്കും എന്ന് കരുതുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആയതിന് ആവശ്യമായ പണം പഞ്ചായത്തുകൾക്ക് അധികമായി നൽകുകയോ പ്ലാൻ ഫണ്ടിൽ തുക വർദ്ധിപ്പിച്ച് നൽകുകയോ ചെയ്യുന്നതിന് ഉത്തരവ് നൽകുമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നബാർഡ് സഹായത്തോടെയുള്ള ആർ. ഐ. ഡി. എഫിന്റെ തുടർപദ്ധതി</u>

1542 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന നബാർഡ് സഹായത്തോടെയുള്ള ആർ. ഐ. ഡി. എഫിന്റെ തുടർപദ്ധതി പൂർത്തീകരിക്കുന്നതിനായി 2012-13-ൽ സംസ്ഥാന വിഹിതമായി എന്തു തുക നീക്കിവച്ചിരുന്നു;

(ബി) നീക്കിവയ്ക്കപ്പെട്ട തുകയിൽ എന്തു തുക വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ സർക്കാർ മുന്നോട്ടു വച്ച ഭൗതിക ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; ആയത് നേടാൻ സാധിച്ചുവോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ</u>

1543 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് ശുചിത്വമിഷനിൽനിന്നും പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭിച്ച തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് മുഴുവൻ തുകയും ചെലവഴിച്ച പഞ്ചായത്തുകൾ ഏതെല്ലാം;

(സി) മാവേലിക്കര മണ്ഡലത്തിലെ മഴക്കാലപൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് പഞ്ചായത്തുകൾ ചെലവഴിച്ചത്; ഏതൊക്കെ മേഖലകളിലാണ് തുക ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കി ഉയർത്തുന്ന നടപടി</u>

1544 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കി മാറ്റാൻ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലോ കേരളാ മുനിസിപ്പൽ ആക്ടിലോ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വ്യവസ്ഥയുടെ പ്രസക്തഭാഗം ലഭ്യമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കി ഉയർത്തുവാനാണ് പരിഗണനയിലുള്ളത്; വിശദാംശം അറിയിക്കാമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജനം</u>

1545 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വാർഡുകളുടെ എണ്ണം എത്ര; ആകെ ജനസംഖ്യ എത്ര; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് പ്രസ്തുത ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതുണ്ടോ; വ്യക്തമാക്കുമോ;

(സി) വർദ്ധിച്ച ജനസംഖ്യയും, ഭൂവിസ്തൃതിയും കണക്കിലെടുത്ത് നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുവാൻ സന്നദ്ധമാകുമോയെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>കരിപ്പൂർ ദേശം ആസ്ഥാനമാക്കി ഒരു പുതിയ പഞ്ചായത്ത്</u>

1546 ശ്രീ.കെ.എൻ.എ.ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് വിമാനത്താവളം സ്ഥിതി ചെയ്യുന്ന കരിപ്പൂർ ദേശം ആസ്ഥാനമാക്കി ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഗണിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

മലബാറിൽ അപ്പീൽ അധികാരമുള്ള ട്രൈബ്യൂണൽ

1547 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് തീരുമാനങ്ങളിൽ അപ്പീൽ അധികാരമുള്ള ട്രൈബ്യൂണൽ മലബാറിൽ സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇപ്പോൾ നിലവിലുള്ള ട്രൈബ്യൂണലിന് മുമ്പിൽ എത്ര കേസുകൾ തീർപ്പാവാനുണ്ട്;

(സി) ആയതിൽ മലബാർ മേഖലയിൽ നിന്ന് എത്ര കേസുകളാണുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

അങ്ങാടിപ്പുറം പഞ്ചായത്തിന് പുതിയ വാഹനം വാങ്ങാൻ നടപടി

1548 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം പഞ്ചായത്തിന്റെ പഴയ ഓഫീസ് വാഹനത്തിന് പകരം പുതിയ ഓഫീസ് വാഹനം വാങ്ങിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ 15 വർഷത്തിലധികം പഴക്കമുള്ളതും, കണ്ടം ചെയ്തു വിൽക്കാൻ അനുമതി ലഭിച്ചതുമായ വാഹനത്തിന് പകരം പുതിയ വാഹനം വാങ്ങുന്നതിന് അങ്ങാടിപ്പുറം പഞ്ചായത്തിന് അനുമതി നൽകുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

പഞ്ചായത്തുകൾക്ക് സ്ത്രീ സൗഹൃദപദവി നൽകുന്ന പദ്ധതി

1549 ശ്രീ. വർക്കല കഹാർ
,, പി.എ. മാധവൻ
,, ആർ. സെൽവരാജ്
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് സ്ത്രീ സൗഹൃദ പദവി നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആയതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ആശ്രയ പദ്ധതി

1550 ശ്രീ. സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(സി) സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കുന്നത് എത്ര ഗ്രാമപഞ്ചായത്തുകളിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാത്ത പഞ്ചായത്തുകളിൽ കൂടി ഈ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>പതിനെട്ട് വയസ്സ് തികയാത്തവര്‍ക്ക് വിവാഹം രജിസ്റ്റര്‍ ചെയ്തു കൊടുക്കുന്ന നടപടി</u>

1551 ശ്രീ.ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവാഹ സമയത്ത് പതിനെട്ട് വയസ്സ് തികയാത്തത് മൂലം പില്‍ക്കാലത്ത് പ്രസ്തുത വിവാഹം രജിസ്റ്റര്‍ ചെയ്തു കൊടുക്കുന്നില്ല എന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും വിഭാഗത്തിന് പ്രത്യേക പരിഗണന നല്‍കി ഇത്തരം വിവാഹം രജിസ്റ്റര്‍ ചെയ്തു കൊടുക്കുവാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ എല്ലാവിഭാഗത്തിനും ഇത്തരം വിവാഹങ്ങള്‍ രജിസ്റ്റര്‍ ചെയ്തു കൊടുക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിൽ എൽ. ഡി. ടൈപ്പിസ്റ്റുമാരെ നിയമിക്കാൻ നടപടി</u>

1552 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ എത്ര എൽ. ഡി. ടൈപ്പിസ്റ്റുകൾ ജോലി ചെയ്യുന്നു;

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും എൽ. ഡി. ടൈപ്പിസ്റ്റിന്റെ ഓരോ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ</u>

1553 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ എത്ര എഞ്ചിനീയർ/ഓഫീസ് ജീവനക്കാരുടെ ഒഴിവുകളുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം</u>

1554 ശ്രീ.വി. ശശി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകൾ വഴി സ്കൂൾ വിദ്യാർഥികൾക്ക് പ്രഭാത ഭക്ഷണം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സി. എച്ച് മുഹമ്മദ്കോയ ചെയർ സ്ഥാപിക്കാൻ നടപടി</u>

1555 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലാ ക്യാമ്പസ്സിൽ സി. എച്ച്. മുഹമ്മദ് കോയ ചെയർ സ്ഥാപിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ സഥാപനങ്ങളെ അനുവദിച്ചുകൊണ്ട് പെർമിസീവ് സാംഗ്ഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ ഉത്തരവ് പ്രകാരം ഏതെല്ലാം തദ്ദേശസ്വംയഭരണ സ്ഥാപനങ്ങൾ എന്ത് തുക വീതം എന്നെല്ലാം സി.എച്ച് ചെയറിനായി നൽകിയിട്ടുണ്ട്; വിശദമായ കണക്കുകൾ ലഭ്യമാക്കുമോ;

(സി) പിരിച്ചെടുത്ത തുക എവിടെയാണ് നിക്ഷേപിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത തുകയിൽ നിന്നും ഏതെങ്കിലും പദ്ധതിക്കായി പണം ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>ഭവന പദ്ധതികള്‍</u>

1556 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളില്‍ നിലവില്‍ ഏതെങ്കിലും ഭവന പദ്ധതിയുണ്ടോ; ഉണ്ടെങ്കില്‍ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഐ.എ.വൈ. പദ്ധതിയനുസരിച്ച് 2013 മാര്‍ച്ച് 31 വരെ എത്ര വീടുകള്‍ക്ക് കരാര്‍ വെച്ചിട്ടുണ്ട്; പ്രസ്തുത വീടുകള്‍ പൂര്‍ത്തിയാക്കാന്‍ എത്ര രൂപ വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി സര്‍ക്കാര്‍ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ അനുവദിക്കാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) ഇ.എം.എസ്. ഭവന പദ്ധതിയനുസരിച്ച് എത്ര വീടുകള്‍ പൂര്‍ത്തിയാക്കാനുണ്ട്;

(ഇ) ഐ.എ.വൈ., ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കിയതു മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാന്‍ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കോടശ്ശേരി പഞ്ചായത്ത് ഇ.എം.എസ്. ഭവന പദ്ധതിക്കെടുത്ത വായ്പ</u>

1557 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോടശ്ശേരി ഗ്രാമപഞ്ചായത്ത് കുറ്റിക്കാട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ നിന്നും നാലുവർഷം മുമ്പ് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയ്ക്കായി എടുത്ത വായ്പയുടെ പലിശയിനത്തിൽ 19 ലക്ഷം രൂപ സർക്കാർ അടയ്ക്കാത്തതുമൂലം, പദ്ധതി അവതാളത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം ഗുണഭോക്താക്കൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പലിശ കുടിശ്ശിക അടിയന്തിരമായി അടച്ചുതീർക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വില്ല്യാപ്പള്ളി പഞ്ചായത്തിലെ പട്ടികജാതിക്കാർക്കുള്ള വീടുകൾ</u>

1558 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് പട്ടികജാതിക്കാർക്ക് നിർമ്മിച്ചുനൽകിയ വീടുകൾക്ക് പ്രകൃതി ക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര വീടുകൾക്ക് കേടുപാട് സംഭവിച്ച് വാസയോഗ്യമല്ലാതായി; വ്യക്തമാക്കുമോ;

(സി) കേടുപാടുകൾ തീർത്തുനൽകുന്നതിന് എപ്രകാരമാണ് ഫണ്ട് കണ്ടെത്തിയത്; വ്യക്തമാക്കുമോ;

(ഡി) ഇനിയും കേടുപാടുകൾ തീർത്ത് നൽകുവാനുള്ള വീടുകൾ പുനർനിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തും സർക്കാരും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ആദിവാസി ഊരുകളിലെ റിസോർട്ടു നിർമ്മാണം</u>

1559 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ എത്ര റിസോർട്ടുകൾ പ്രവർത്തിക്കുന്നു; എത്രയെണ്ണത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ആയതിനായി ഏതെല്ലാം പഞ്ചായത്തുകളിൽ ഏതെല്ലാം ഊരുകളിലാണ് അനുമതി നൽകിയിട്ടുളളത്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കടങ്ങോട് ഗ്രാമപഞ്ചായത്തിലെ കരിങ്കൽ ക്വാറികൾക്കെതിരെ നടപടി</u>

1560

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ കടങ്ങോട് ഗ്രാമപഞ്ചായത്തിൽ എത്ര കരിങ്കൽ ക്വാറികൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്;

(ബി) ഓരോ ലൈസൻസികളുടെയും പേരുവിവരം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് അടക്കമുള്ള അനുമതി പത്രങ്ങൾ ഇല്ലാതെ അനധികൃതമായി കരിങ്കൽ ക്വാറികൾ പ്രവർത്തിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിയമാനുസൃതമല്ലാതെ പ്രവർത്തിയ്ക്കുന്ന കരിങ്കൽ ക്വാറികൾക്കെതിരെ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ നിയമാനസൃതമല്ലാതെ പ്രവർത്തിച്ച എത്ര ക്വാറികളുടെ പ്രവർത്തനം തടഞ്ഞിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>മുന്നിലവ് പഞ്ചായത്തിൽ പാറഖനനം</u>

1561 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ മുന്നിലവ് പഞ്ചായത്തിൽ പാറഖനനം നടന്നുവരുന്ന സ്ഥലങ്ങൾ ഏതൊക്കെ; ഏതെല്ലാം സ്ഥലങ്ങളിൽ ആർക്കെല്ലാം ലൈസൻസ് ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയാമോ;

(ബി) പാറഖനനം നടത്തുന്നതിന് പഞ്ചായത്തിന്റെ അനുവാദം ലഭിക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാം;

(സി) ഈ വ്യവസ്ഥകൾ പ്രകാരം ആർക്കെല്ലാം അനുമതി നല്കിയിട്ടുണ്ട്; പേരും സ്ഥലത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) നിയമാനുസൃതമായ എല്ലാ അനുമതികളോടും കൂടിയാണോ അവയെല്ലാം പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(ഇ) നിയമവിരുദ്ധമായി പാറഖനനം ചെയ്ത ആർക്കെല്ലാം എതിരായി പരാതി ലഭിക്കുകയുണ്ടായി; പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എഫ്) പഞ്ചായത്ത് പാറഖനനത്തിന് അനുമതി നല്കിയ ഓരോ കേസിലും മറ്റെന്തെല്ലാം അനുമതികൾ നേടിയിട്ടുണ്ട്; വിശദമാക്കാമോ ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>പ്ലാസ്റ്റിക് നിരോധനം</u>

1562 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പ്ലാസ്റ്റിക് നിരോധനം ലക്ഷ്യം കൈവരിക്കാത്ത സ്ഥിതി വിശേഷമുണ്ടോ;

(ബി) പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) പ്ലാസ്റ്റിക് നിരോധനം ലംഘിക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>'പുര' പദ്ധതി</u>

1563 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നഗരങ്ങളിലേതിന് സമാനമായ അടിസ്ഥാന സൗകര്യം ഗ്രാമങ്ങളിൽ ലഭ്യമാക്കാനുള്ള 'പുര' പദ്ധതി 2012-13 -ൽ ഏതെല്ലാം പഞ്ചായത്തുകളിൽ ആരംഭിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>'പുര' പദ്ധതി വ്യാപിപ്പിക്കാൻ നടപടി</u>

1564 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'പുര' പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) എല്ലാ നിയോജക മണ്ഡലങ്ങളിലെയും ഓരോ പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>'കലാഗ്രാമം' പദ്ധതി</u>

1565 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളിൽ 'കലാഗ്രാമം' സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കലാഗ്രാമത്തിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമത്തിനായിട്ടുള്ള പുതിയ പദ്ധതികൾ</u>

1566 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യക്ഷേമത്തിനായി എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കി ; വിശദമാക്കുമോ ;

(ബി) നിലവിലുണ്ടായിരുന്ന സാമൂഹ്യക്ഷേമ സഹായങ്ങൾക്ക് എന്തൊക്കെ വർദ്ധനവ് ഈ സർക്കാർ നടപ്പിലാക്കി ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി മടങ്ങിവരുന്നവരുടെ പുനരധിവാസം</u>

1567 ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിലെ സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി മടങ്ങിയെത്തുവാൻ നിർബന്ധിതരാകുന്ന പ്രവാസി മലയാളി കുടുംബാംഗങ്ങളുടെ സഹായത്തിന് വനിതാ വികസന കോർപ്പറേഷൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി മടങ്ങി എത്തുന്ന ഇവർക്ക് സ്വയം താഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

കുടുംബശ്രീയ്ക്ക് അനുവദിച്ച തുക

1568 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2012-13 സാമ്പത്തിക വർഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കായി എന്ത് തുക സർക്കാർ മാറ്റി വച്ചിരുന്നു; ഇതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; ലാപ്സാകാനുളള കാരണം വ്യക്തമാക്കുമോ;

(സി) ഈ വർഷം കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി എത്ര തുക മാറ്റി വെച്ചിട്ടുണ്ട്; ഇതിൽ മെയ് 31 വരെ എത്ര തുക ചെലവഴിച്ചു;

(ഡി) 2012-13 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ഗ്രാന്റായി എത്ര തുക കുടുംബശ്രീയ്ക്ക് അനുവദിച്ചു. ആയതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; 2013-14-ൽ ഗ്രാന്റായി എത്ര തുക കേന്ദ്രം അനുവദിച്ചു; ഇതിൽ മെയ് 31 വരെ എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ;

(ഇ) 2012-13 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖാന്തിരം നടത്തി;

(എഫ്) നിലവിൽ കുടുംബശ്രീയുടെ എത്ര യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ജി) ഒരേ തരത്തിലുളള കുടുംബശ്രീ ഉൽപ്പന്നങ്ങളെ ഒരു ബ്രാൻഡിന് കീഴിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

(എച്ച്) 60 വയസ്സു കഴിഞ്ഞ കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഐ) കുടുംബശ്രീ അംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീ വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ</u>

1569 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മുഖാന്തിരം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഉദ്ദേശിയ്ക്കുന്നുവോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കുടുംബശ്രീയുടെ വാർഷികത്തോടനുബന്ധിച്ച് കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലീകരിയ്ക്കുന്ന കാര്യത്തിൽ നിലപാട് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>സാമൂഹ്യക്ഷേമ പെൻഷനുകൾ</u>

1570 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ വിതരണം ചെയ്യുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾ ഏതൊക്കെ;

(ബി) ഈ പെൻഷനുകളുടെ മാസതുക എത്ര;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യക്ഷേമ പെൻഷനുകളിൽ ഓരോന്നിലും എത്ര മാസത്തെ തുക കുടിശ്ശികയുണ്ട്;

(ഡി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വാർദ്ധക്യകാല പെൻഷൻ</u>

1571

ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യകാല പെൻഷൻ ലഭിക്കാൻ 65 വയസ്സ് പ്രായമാകണമെന്നുള്ള സംസ്ഥാന നിയമം കാലോചിതമായി പരിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ 65 വയസ്സിൽ നിന്നും 60 വയസ്സാക്കി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേന്ദ്ര സർക്കാർ ചെയ്തതുപോലെ വാർദ്ധക്യകാല പെൻഷന് അർഹരാകാൻ 60 വയസ്സ് ആയാൽ മതി എന്നുള്ള ഭേദഗതി സംസ്ഥാന സർക്കാർ വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>പെൻഷൻ കുടിശ്ശിക</u>

1572 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് നൽകി വരുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുവാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>ക്ഷേമപെൻഷൻ കുടിശ്ശിക</u>

T-1573 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കിവരുന്ന ക്ഷേമപെൻഷനുകൾ ഏതൊക്കെയാണ്; ഏതെല്ലാം പെൻഷനുകൾ എന്ന് മുതൽ കുടിശ്ശിക ആയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) കുടിശ്ശിക ആയ എല്ലാ പെൻഷനുകളും കൊടുത്തു തീർക്കുന്നതിന് എന്തു തുക വേണ്ടിവരും; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ക്ഷേമ പെന്‍ഷനുകള്‍</u>

T-1574 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വരുമ്പോള്‍ വിവിധ ക്ഷേമ പെന്‍ഷനുകളുടെ തുക പ്രതിമാസം എത്രയായിരുന്നു;

(ബി) ഇതില്‍ ഓരോന്നിലും എത്ര മാസത്തെ കുടിശ്ശികയുണ്ടായിരുന്നു;

(സി) ഓരോ പദ്ധതിയിലും പെന്‍ഷന്‍ തുകയിനത്തില്‍ വന്ന വര്‍ദ്ധനവ് ഇപ്പോള്‍ എത്രയാണെന്നും, ഇവ ഇനിയും വര്‍ദ്ധിപ്പിക്കുവാന്‍ ഉദ്ദേശ്യമുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വയോജനക്ഷേമ ബോർഡ് രൂപീകരണം</u>

1575 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനായി മാത്രം ഒരു ബോർഡ് രൂപീകൃതമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് നടപ്പിലാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വെളിപ്പെടുത്തുമോ;

(സി) സമയബന്ധിതമായി വയോജനക്ഷേമത്തിനായി ഒരു ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ ഡയറക്ടർ തസ്തികയിലെ സ്ഥലംമാറ്റം</u>

1576 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യക്ഷേമ ഡയറക്ടർ തസ്തികയിലേക്ക് എത്ര ഉദ്യോഗസ്ഥർ നിയമിക്കപ്പെടുകയുണ്ടായി; പട്ടിക ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ ഉദ്യോഗസ്ഥർ മാറി വരുന്നത് സാമൂഹ്യ ക്ഷേമ പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യ ക്ഷേമ വകുപ്പിന് വകയിരുത്തിയ തുകയിൽ എത്ര ശതമാനം ചെലവഴിച്ചു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>അംഗൻവാടികൾക്ക് കെട്ടിടം</u>

1577 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുറക്കാട് ഗ്രാമ പഞ്ചായത്തിൽ സ്വന്തമായി സ്ഥലം ലഭ്യമായ 72, 73, 80, 105, 123 നമ്പർ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പുറക്കാട് ഗ്രാമപഞ്ചായത്തിൽ ജീർണ്ണിച്ച് അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന 79, 95, 103 നമ്പർ അംഗൻവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക</u>

1578 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അംഗനവാടികൾ സ്ഥാപിക്കുമെന്ന് സർക്കാർ പ്രഖ്യാപനം നടത്തിയത് എപ്പോഴായിരുന്നു;

(ബി) ഒരു മാതൃകാ അംഗനവാടി സ്ഥാപിക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണ്; സംസ്ഥാനത്ത് മൊത്തം അംഗനവാടികൾ എത്ര; അവയ്ക്കെല്ലാം മാതൃകാ അംഗനവാടിയുടെ രീതിയിലുള്ള കെട്ടിടം നിർമ്മിക്കുവാൻ മൊത്തം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു;

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ അംഗനവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ വകയിരുത്തപ്പെട്ട തുക എത്ര; പ്രസ്തുത തുകകൊണ്ട് ഈ വർഷം എത്ര അംഗനവാടി കെട്ടിടം നിർമ്മിക്കും; നിർമ്മിച്ചു വരുന്നതിന് ഇതിനകം ചെലവായ തുക എത്ര;

(ഡി) 140 മാതൃകാ അംഗനവാടികൾ സംബന്ധിച്ച് 2013 മെയ് 16 ന് മാധ്യമങ്ങളിൽ സാമൂഹ്യക്ഷേമ വകുപ്പിനുവേണ്ടി പി.ആർ.ഡി പരസ്യം നല്കിയ ഇനത്തിൽ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണ്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കടങ്ങോട് ഗ്രാമ പഞ്ചായത്തിൽ മാതൃക അംഗൻവാടി</u>

1579 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കടങ്ങോട് ഗ്രാമപഞ്ചായത്തിൽ മാതൃക അംഗൻവാടി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ചൊവ്വന്നൂർ ഐ. സി. ഡി. എസ് പ്രോജക്ടാഫീസിൽ നിന്നും പ്രപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത അംഗൻവാടിയുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കുവാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ നിയോജക മണ്ഡലത്തില്‍ മാതൃകാ അംഗന്‍വാടി</u>

1580 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അംഗന്‍വാടികള്‍ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വയനാട് ജില്ലയില്‍ ഏതെല്ലാം ബ്ലോക്കുകളിലാണ് ഇത്തരത്തിലുള്ള അംഗന്‍വാടികള്‍ ആരംഭിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കല്‍പ്പറ്റ നിയോജക മണ്ഡലത്തില്‍ മാതൃകാ അംഗന്‍വാടി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന</u>
<u>പോഷകാഹാരങ്ങളുടെ വിശദാംശം</u>

1581 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതൂർ, ഷോളയാർ, അഗളി പഞ്ചായത്തുകളിലായി എത്ര അംഗൻവാടികളാണ് നിലവിലുള്ളത്;

(ബി) ഈ അംഗൻവാടികളിൽ സൂക്ഷിക്കുന്ന രജിസ്റ്ററുകൾ ഏതെല്ലാം;

(സി) ഈ അംഗൻവാടികൾ മുഖേന എത്രപേർക്കാണ് ഏപ്രിൽ മാസത്തിൽ പോഷകാഹാരം വിതരണം ചെയ്തത്;

(ഡി) അംഗൻവാടികൾ വഴി നിലവിൽ വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ ഏതൊക്കെ; രണ്ട് മാസം മുമ്പ് വരെ വിതരണം ചെയ്തിരുന്നത് ഏതൊക്കെ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്ന ഏജൻസി ഏതാണ്; ഏജൻസിയെ നിയമിക്കുന്നത് ആരാണ്;

(എഫ്) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ഈ വകയിൽ എത്ര തുകയാണ് ഏജൻസിക്ക് നൽകിയത്;

(ജി) ഈ വകയിൽ ഇനിയും തുക നൽകാനുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാർക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക</u>

1582 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അംഗൻവാടി ജീവനക്കാരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ അംഗൻവാടി ജീവനക്കാരുടെ ക്ഷേമത്തിനായി എന്തു തുക ബഡ്ജറ്റിൽ വകയിരുത്തി; എന്ത് തുക ചെലവഴിച്ചു;

(സി) അംഗൻവാടി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ അംഗൻവാടി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

അംഗനവാടികളുടെ നവീകരണവും കെട്ടിട നിർമ്മാണവും

1583 ശ്രീ.പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗനവാടികൾക്ക് കെട്ടിടം പണിയുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ മലപ്പുറം ജില്ലയിൽ ഏതെല്ലാം അംഗനവാടികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്;

(സി) കെട്ടിടം പണിയുന്നതിനും, നവീകരിക്കുന്നതിനുമായി വിവിധ പദ്ധതിയിൻ കീഴിൽ ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം അംഗനവാടികളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ആയതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നാട്ടികയിലെ 'മാതൃകാ അംഗൻവാടി' പദ്ധതി</u>

1584 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളെ സംസ്ഥാന സർക്കാരിന്റെ 'മാതൃകാ അംഗൻവാടി' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വന്തമായി 10 സെന്റ് സ്ഥലം വേണമെന്ന നിബന്ധന സംസ്ഥാനത്ത് അപ്രായോഗികമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാട്ടിക നിയോജക മണ്ഡലത്തിൽ സ്വന്തമായി 10 സെന്റ് സ്ഥലം ഉള്ള അംഗൻവാടികൾ നിലവിലില്ല എന്ന വസ്തുത നിലനിൽക്കുന്ന സാഹചര്യത്തിൽ, നിബന്ധനയിൽ ഇളവു വരുത്തി 5 സെന്റ് സ്ഥലമുള്ള അംഗൻവാടികളെ 'മാതൃകാ അംഗൻവാടി' പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) നാട്ടിക നിയോജക മണ്ഡലത്തിലെ അന്തിക്കാട്, ചേർപ്പ്, തളിക്കുളം ബ്ലോക്കുകളിൽപെടുന്ന സ്വന്തമായി 5 സെന്റ് സ്ഥലമുള്ള അംഗൻവാടികളെ 'മാതൃകാ അംഗൻവാടി' പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ഒറ്റപ്പാലത്തെ മാതൃകാ അംഗന്‍വാടികള്‍</u>

1585 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആവിഷ്കരിച്ചിട്ടുള്ള "മാതൃകാ അംഗന്‍വാടി പദ്ധതി" യുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര അംഗന്‍വാടികള്‍ "മാതൃകാ അംഗന്‍വാടി സ്കീമില്‍" ഉള്‍പ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തില്‍ നിലവില്‍ എത്ര അംഗന്‍വാടികളുണ്ട്;

(ഡി) ഇതില്‍ സ്വന്തമായി കെട്ടിടമില്ലാത്തത് എത്ര; വിശദാംശം വെളിപ്പെടുത്താമോ;

(ഇ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തില്‍ ഏതെല്ലാം അംഗന്‍വാടികളെയാണ് മാതൃകാ അംഗന്‍വാടികളായി തെരഞ്ഞെടുത്തത്; വിശദമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത അഗന്‍വാടികള്‍ക്ക് എന്തെല്ലാം പ്രത്യേക ആനുകൂല്യങ്ങളാണ് നല്‍കിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ബാലവാടി അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ വർദ്ധനവ്</u>

1586 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1975 മുതൽ ബാലവാടികളിലും അംഗൻവാടികളിലും ജോലിചെയ്തു പിരിഞ്ഞു പോകുന്ന വർക്കർമാർക്ക് 500 രൂപയും ഹെൽപ്പർമാർക്ക് 300 രൂപയും ക്ഷേമനിധി പെൻഷൻ മാത്രമാണ് ലഭിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് വേണ്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ</u>

1587 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ അംഗീകാരത്തിൽ എത്ര അനാഥ/അഗതി/വൃദ്ധമന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട്:

(സി) ഇവയ്ക്ക് എത്ര വീതമാണ് ഗ്രാന്റ് പ്രതിവർഷം ലഭിക്കുന്നതെന്നും മറ്റ് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ മുഖേന ലഭിക്കുന്നത് എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സാമൂഹ്യ സുരക്ഷാ മിഷൻ സ്വരൂപിച്ച സംഭാവന</u>

1588 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിച്ച സംഭാവനകളെ സംബന്ധിച്ച് സാമ്പത്തിക വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത തുക കൊണ്ട് വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ പുതിയ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

സാമൂഹ്യ സുരക്ഷാ മിഷനിലെ ദിവസവേതനക്കാർ

1589 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യസുരക്ഷാ മിഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നവരിൽ നിന്നും, നിലവിലുള്ള എക്സിക്യൂട്ടീവ് ഡയറക്ടർ, ഏതെങ്കിലും ജീവനക്കാർക്ക് ഏതെങ്കിലും തസ്തികയിൽ സ്ഥിരനിയമനം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ പേരുകൾ നിയമിക്കപ്പെട്ട തസ്തികകൾ, നിയമിക്കപ്പെട്ട തീയതി തുടങ്ങി ഇതു സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ക്രഷ് ജീവനക്കാരുടെ വേതന വർദ്ധനവ്

1590 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡിന്റെ കീഴിൽ സ്ത്രീ ശാക്തീകരണത്തിനുവേണ്ടി എത്ര ക്രഷുകൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്രഷുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുടെ വിശദാംശം ലഭ്യമാക്കാമോ; ഇവരുടെ നിയമനം എങ്ങനെയാണ്; അറിയിക്കാമോ;

(സി) അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ക്രഷ് ജീവനക്കാരുടെയും വേതനം വർദ്ധിപ്പിക്കുന്നതിന് തടസ്സം ഉണ്ടോ; എങ്കിൽ എന്താണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള ക്രൂരതകൾ</u>

1591 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
'' പി. കെ. ബഷീർ
'' എൻ. ഷംസുദ്ദീൻ
'' പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരെയുള്ള ക്രൂരത വെളിപ്പെടുത്തുന്ന സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും, കുട്ടികളുടെ സുരക്ഷിതത്വവും അവകാശങ്ങളും ഉറപ്പാക്കുവാനും എന്തെല്ലാം നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചുവരുന്നു;

(സി) അനാഥരും, നിരാലംബരുമായ കുട്ടികളെക്കുറിച്ച് സമഗ്ര സർവ്വെ നടത്തി വിവരശേഖരണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഢനങ്ങൾ</u>

1592 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഢനങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പീഢനങ്ങൾ തടയുന്നതിനായി സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിലുള്ള പീഢനകേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് കോടതികളിലും വനിതാകമ്മീഷനിലും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ലൈംഗികാതിക്രമങ്ങൾ തടയുവാൻ നടപടി

1593

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ പരിപാലനം, പുനരധിവാസം എന്നിവയ്ക്കായി ഏതെല്ലാം സ്ഥാപനങ്ങളാണ് നിലവിലുളളത്;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ കുട്ടികൾക്കെതിരെ ലൈംഗികാതിക്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലൈംഗികാതിക്രമങ്ങൾ തടയുവാൻ പ്രത്യേക നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി വ്യക്തമാക്കാമോ?

(ഡി) ജൂവനൈൽ ജസ്റ്റിസ് ഹോമുകളിലാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ബാലപീഡനം നടക്കുന്നതെന്ന് ഏതെങ്കിലും സംഘടന യു. എൻ. ഒ. യ്ക്ക് റിപ്പോർട്ട് സമർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷൻ</u>

1594 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷൻ" നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്നാണ്; വ്യക്തമാക്കുമോ;

(ബി) കമ്മീഷനെ നിയമിക്കുന്നതിനായി ഇന്റർവ്യു നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ്; ഇന്റർവ്യൂ ബോർഡിലെ അംഗങ്ങൾ ആരൊക്കെ; വിശദമാക്കുമോ;

(സി) ഇന്റർവ്യു ദിവസം പങ്കെടുത്ത ഉദ്യോഗാർത്ഥികൾ ആരൊക്കെ;

(ഡി) ഇവരിൽ നിന്ന് ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ ആരൊക്കെയാണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്;

(ഇ) കമ്മീഷൻ അംഗമാകാനുള്ള അടിസ്ഥാന യോഗ്യതകൾ എന്തൊക്കെ; ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ പേർക്കും നിശ്ചിത യോഗ്യത ഉണ്ടോ; വ്യക്തമാക്കുമോ;

(എഫ്) കമ്മീഷൻ ചെയർപേഴ്സണെ നിയമിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ആരെയാണ് ചെയർ പേഴ്സണായി നിയമിച്ചിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) ചെയർ പേഴ്സൺ ചാർജ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ചാർജ് എടുക്കാത്തത്;

(എച്ച്) നിയമനം ലഭിച്ച വ്യക്തി ചാർജ് എടുക്കുന്നില്ല എങ്കിൽ അടുത്ത നടപടിക്രമം എന്താണ്; വ്യക്തമാക്കുമോ;

(ഐ) കമ്മീഷൻ ചെയർമാനെ നിയമിച്ച് പ്രവർത്തനം തുടങ്ങാതിരിക്കുന്നത് സുപ്രീംകോടതിയുടെ ഉത്തരവിന് വിരുദ്ധമാകയാൽ അടിയന്തിരമായി പാനലിലെ അടുത്തയാളെ നിയമിച്ച് ഉത്തരവിറക്കുമോ: വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>വിശപ്പ് രഹിത നഗരം</u>

1595 ശ്രീ. ലൂഡി ലൂയിസ്
'' വി. ഡി. സതീശൻ
'' സി. പി. മുഹമ്മദ്
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിശപ്പ് രഹിത നഗരം പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ആശുപത്രികളിലെ രോഗികൾക്ക് സൗജന്യ ഉച്ചഭക്ഷണം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ആയതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

‘ചൈൽഡ് റൈറ്റ്സ് കമ്മീഷൻ’

1596 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചൈൽഡ് റൈറ്റ്സ് കമ്മീഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ആയതിനുവേണ്ടി എന്തു തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നിർഭയ പദ്ധതി</u>

1597 ശ്രീ. കെ. ശിവദാസൻ നായർ
'' എം. പി. വിൻസെന്റ്
'' അൻവർ സാദത്ത്
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർഭയ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(സി) നിരാലംബരായ പെൺകുട്ടികളെ പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ശിശുമരണം</u>

1598 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പോഷകാഹാരക്കുറവുമൂലം പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങൾ ദാരുണമായി മരിക്കാനിടയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര കുഞ്ഞുങ്ങളാണ് മരണപ്പെട്ടിട്ടുള്ളത്;

(ബി) പ്രസ്തുത സാഹചര്യം എന്തുകൊണ്ടാണ് സംജാതമായി എന്നുള്ളത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ മേഖലയിൽ സാമൂഹ്യക്ഷേമ വകുപ്പിന് ഗുരുതരമായ വീഴ്ച സംഭവിച്ചു എന്നുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ മേഖലയിൽ പോഷകാഹാരക്കുറവുമൂലം ഗർഭിണികളും പ്രസവാനന്തരം അമ്മമാരും മരണപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഭാവിയിൽ ഇത്തരത്തിലുള്ള ദുരന്തം സംഭവിയ്ക്കാതിരിക്കുവാൻ വകുപ്പ് ഏറ്റെടുത്തു നടത്തുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്പെഷ്യൽ സ്കൂൾ

1599 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ പരിശീലിപ്പിക്കുന്നതിന് സർക്കാർ അംഗീകാരമുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേയ്ക്കുയർത്താൻ നടപടി സ്വീകരിക്കുമോ;

(ബി) സ്പെഷ്യൽ സ്കൂൾ എന്ന ശീർഷകത്തിൽ അന്ധ-ബധിര-മൂക വിദ്യാലയങ്ങൾക്കൊപ്പം ബുദ്ധിവൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളെക്കൂടി ഉൾപ്പെടുത്തുമോ;

(സി) പ്രസ്തുത സ്കൂളുകളോടനുബന്ധിച്ചുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണി സർക്കാർ തലത്തിൽ ലഭ്യമാക്കുമോ;

(ഡി) ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കുവേണ്ടിയുള്ള സംസ്ഥാന കലാകായിക മേളകളുടെ ചെലവ് സർക്കാർ വഹിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

1600 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. എ. വാഹിദ്
,, ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം വകുപ്പിന്റെയും ഏജൻസികളുടെയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം ചികിത്സയ്ക്കുള്ള ചെലവിനത്തിൽ പരമാവധി എന്ത് തുക സർക്കാർ വഹിക്കും;

(ഡി) ബധിര-മൂകരായ കുട്ടികൾക്ക് ശ്രവണശേഷി ലഭിക്കുന്നതിനുള്ള ചികിത്സ പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>'സ്നേഹസാന്ത്വനം പദ്ധതി'</u>

1601 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന 'സ്നേഹസാന്ത്വനം' പദ്ധതിയിലൂടെ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വൃക്കരോഗ സമാശ്വാസ പദ്ധതി</u>

1602 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗ സമാശ്വാസ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയിൽ എത്ര പേർക്ക് സഹായം നൽകി; എത്ര ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയുടെ അപേക്ഷ ഐ. സി. ഡി. എസ് സൂപ്പർവൈസർ വഴി ഗ്രാമപഞ്ചായത്തുകളിൽ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>'വൃക്കരോഗ സമാശ്വാസം' പദ്ധതി</u>

1603 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വൃക്കരോഗങ്ങളാൽ ഡയാലിസിസിന് വിധേയരാകേണ്ടി വരുന്നവർക്ക് 'സമാശ്വാസം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ഭിക്ഷാടന നിരോധനം</u>

1604 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിക്ഷാടനം നിരോധിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) യാചകരെ പുനരധിവസിപ്പിക്കുന്നതിനായി ആലോചിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) ഭിക്ഷാടനത്തിനുവേണ്ടി ആളുകളെ നിയോഗിക്കുന്ന റാക്കറ്റുകളെ നിയന്ത്രിക്കാൻ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

ഭിക്ഷാടന നിരോധനം

1605 ശ്രീ. കെ. മുരളീധരൻ
'' വി. ഡി. സതീശൻ
'' എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭിക്ഷാടനം നിയമം മൂലം നിരോധിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) യാചകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനായുള്ള നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) യാചകരെ നിയന്ത്രിക്കുന്ന റാക്കറ്റുകൾക്ക് എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ ഉൾക്കൊള്ളിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഭിക്ഷാടനം നിയമം മൂലം നിരോധിക്കുന്നതിനുള്ള നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വി.റ്റി.സി. മുഖേനയുള്ള ബുക്ക് ബൈൻഡിംഗ് കോഴ്സ്</u>

1606 ശ്രീ. കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരായ വിദ്യാർത്ഥികൾക്കുവേണ്ടി സാമൂഹ്യക്ഷേമവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വി.റ്റി.സി. മുഖാന്തിരം ബുക്ക് ബൈൻഡിംഗ് കോഴ്സ് നടത്തുന്നുണ്ടോ; എങ്കിൽ കോഴ്സിന്റെ കാലാവധി എത്ര; ഇതിന് സർട്ടിഫിക്കറ്റ് നൽകുന്നത് ആരാണ്; വ്യക്തമാക്കുമോ;

(ബി) വി.റ്റി.സി. മുഖാന്തിരം നടത്തുന്ന ബുക്ക് ബൈൻഡിംഗ് കോഴ്സ് കെ.ജി.റ്റി.ഇ. ബുക്ക് ബൈൻഡിംഗ് കോഴ്സിന് തത്തുല്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വി.റ്റി.സി. നടത്തുന്ന ബുക്ക് ബൈൻഡിംഗ് കോഴ്സ് കെ.ജി.റ്റി.ഇ.യ്ക്ക് തത്തുല്യമാക്കണമെന്ന് ആവശ്യപ്പെട്ട് സാമൂഹ്യക്ഷേമ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് 14.07.2009-ൽ അയച്ച എച്ച്2/33639/09 നമ്പർ ശുപാർശ കത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ വിഷയത്തിൽ കാലതാമസം കൂടാതെ അനുകൂല നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജൻഡർ പാർക്ക് നിർമ്മാണം</u>

1607 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജൻഡർ പാർക്ക് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി എത്ര തുകയാണ് വകയിരുത്തിയത്; വിശദമാക്കുമോ;

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>തണ്ടേടം ജൻഡർ പാർക്ക് പദ്ധതി</u>

1608 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തണ്ടേടം ജൻഡർ പാർക്ക് പദ്ധതിയിൻ കീഴിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുളളത്; വ്യക്തമാക്കാമോ;

(ബി) ആയതിനുവേണ്ടി 2012-13 സാമ്പത്തിക വർഷത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 05.

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]